**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **11-10-2021 - ൽ മറുപടിയ്ക്ക്**

**പള്ളുരുത്തി താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പള്ളുരുത്തി താലൂക്ക് ആശുപത്രിയോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; | (എ) | പള്ളുരുത്തി താലൂക്ക് ആശുപത്രിയോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിലവിൽ തൃപ്പൂണിത്തുറയിലുള്ള ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത കെട്ടിടം മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗിക്കുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | ആശുപത്രിയുടെ ഭാഗമായ ഈ കെട്ടിടം താലൂക്ക് ആശുപത്രിയുടെ ഉപയോഗത്തിനായി തിരികെ കൊടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (സി) | പള്ളുരുത്തി താലൂക്ക് ആശുപത്രിയോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിലവിൽ അവിടെ പ്രവർത്തിക്കുന്നില്ലാത്ത സാഹചര്യത്തിൽ, ടി കെട്ടിടം തിരികെ ലഭ്യമാക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ